# കോവിഡ്നിബന്ധനകൾ പാലിച്ചുകൊണ്ട് ഇത്തവണത്തെ മന്നംജയന്തി ആചരിക്കണം

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2021 ജനുവരി 1, 2 തീയതികളിൽ നടക്കേണ്ടതായ മന്നംജയന്തിയോടനുബന്ധിച്ചുള്ള സമ്മേളനങ്ങളും ആഘോഷങ്ങളും വേണ്ടെന്നുവയ്ക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്.

സമുദായാചാര്യന്റെ ഓരോ ജന്മദിനവും നായർ സർവീസ് സൊസൈറ്റിയുടെ വളർച്ചയിലേക്കുള്ള പടവുകളാണ്.

2020 വരെ കേരളത്തിലുടനീളമുള്ള കരയോഗാംഗങ്ങളെയും മറ്റ് അഭ്യുദയകാംക്ഷികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഓരോ മന്നംജയന്തിയും ജനുവരി 1, 2 തീയതികളിൽ പെരുന്ന എൻ.എസ്.എസ്. ആസ്ഥാനത്തുവച്ച് സാഘോഷം കൊണ്ടാടിവന്നിരുന്നു.

കർമ്മനിരതവും നിസ്വാർത്ഥവുമായ സേവനത്തിലൂടെ നായർസമുദായത്തെ സമുദ്ധരിക്കുകയും, മഹത്തായ നായർ സർവീസ് സൊസൈറ്റി പടുത്തുയർത്തി സമുദായത്തിനും രാജ്യത്തിനും വേണ്ടി സമർപ്പിക്കുകയും മാത്രമല്ല, പൊതുജീവിതത്തിൽ തന്റെ നിഷ്കാമകർമ്മംകൊണ്ട് സമുന്നതവും സമാരാദ്ധ്യവുമായ സ്ഥാനം കൈവരിച്ച് കേരളത്തിന്റെ ചരിത്രത്തിൽ സമസ്തമേഖലയിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത കർമ്മയോഗിയാണ് അഭിവന്ദ്യസമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ.

നായർസമുദായത്തിന്റെയും സർവീസ് സൊസൈറ്റിയുടെയും പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളോടൊപ്പം, സാമൂഹിക അസമത്വങ്ങൾക്കെതിരെ പോരാടുകയും രാജ്യത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കു വേണ്ടി ജീവിതാവസാനംവരെ അക്ഷീണം പരിശ്രമിക്കുകയും ചെയ്ത ആ ധന്യമായ ജീവിതത്തെയും പ്രവർത്തനങ്ങളെയും ആദരപൂർവ്വം സ്മരിക്കാനുള്ള അവസരമാണ് ഓരോ മന്നംജയന്തിയും.

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ, അദ്ദേഹത്തിന്റെ 144-ാമത് ജന്മദിനത്തോടനുബന്ധിച്ച് 2021 ജനുവരി 1, 2 തീയതികളിൽ നടക്കേണ്ടതായ ആഘോഷപരിപാടികൾ ഉപേക്ഷിച്ച്, പകരം 'ജന്മദിനാചരണം' നടത്താനാണ് എൻ.എസ്.എസ്. തീരുമാനം.

അതനുസരിച്ച്, മന്നംസമാധിമണ്ഡപത്തിലും സംസ്ഥാനമൊട്ടുക്കുള്ള താലൂക്ക് യൂണിയനുകളിലും കരയോഗങ്ങളിലും എൻ.എസ്.എസ്. സ്ഥാപനങ്ങളിലും കോവിഡ് നിബന്ധനകൾ പാലിച്ചുകൊണ്ട്, അന്നേദിവസം ഈ ആചരണം നടക്കുന്നതാണ്.

സംസ്ഥാനമൊട്ടുക്കുള്ള താലൂക്ക് യൂണിയൻ മന്ദിരങ്ങളും കരയോഗമന്ദിരങ്ങളും എൻ.എസ്.എസ്. സ്ഥാപനങ്ങളും പരിസരവും വൃത്തിയാക്കി, ജനുവരി 2-ന് രാവിലെ 11 മണിക്ക് സമുദായാചാര്യന്റെ ചിത്രത്തിനു മുമ്പിൽ നിലവിളക്കു കൊളുത്തി, പുഷ്പാർച്ചന നടത്തി അദ്ദേഹത്തെ ആദരിക്കുക എന്നാണ് ഈ ആചരണംകൊണ്ട് ഉദ്ദേശിക്കുന്നത്.

ആ ദിനത്തിൽ പെരുന്നയിലെ മന്നംസമാധിമണ്ഡപത്തിൽ നടക്കുന്ന ആചരണത്തിൽ കോവിഡ് നിബന്ധനകൾ പാലിച്ചുകൊണ്ട്, രാവിലെ 7.30 മുതൽ ആരംഭിക്കുന്ന പുഷ്പാർച്ചനയിൽ സമുദായാംഗങ്ങൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും പങ്കെടുക്കാവുന്നതാണ്.